to be more prominent is a fact that in interpreting Section 24 Section 25 may be used as a bar. Even in the same manner that in interpreting Section 24 and the relevant provision in Section 25 it may not be used for holding that 90 days is a period which is compulsory. Of course I oppose the amendment.

Mr. P. Kumaran Ezhuthassan (*Vadakkancheri*) : Sir, I have nothing to add. I press the amendment.

Motion put and carried

Mr. President : Clause 5 stands part of the Bill.

Clause 1 Title and Preamble put and carried

2. The Cochin Newspapers Act (Repeal) Bill

Mr. V. R. Krishnan Ezhuthassan *(Oorakam)*: I move that the Cochin Newspapers Act (Repeal) Bill be introduced in Council.

Mr. Deputy P. Govinda Menon *(Ernakulam)* : I second it.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സർ, ഈ ബിൽ വളരെ പ്രധാനമായ ഒരു വിഷയത്തെ സംബന്ധിച്ചുള്ളതാണു്. കൊച്ചി ഗവമ്മെണ്ടു് ഒരു അടിയന്തരവ്യവസ്ഥ എന്ന നിലയിൽ ആറമാസത്തെ കാലാവുധിവെച്ചു പാസ്സാക്കിയതാണു് ആദ്യത്തെ പത്രനിയമം. അതിനുശേഷം പത്തു ദിവസം കഴിഞ്ഞപ്പോൾ ഉണ്ടായ നിയമസഭാ സമ്മേളനത്തിൽ ആ നിയമത്തെ ഒരു ബില്ലിന്റെ രൂപത്തിൽ അവതരിപ്പിക്കുകയും അതിനു നമ്മുടെ നിയമപുസ്തകത്തിൽ സ്ഥിരമായ സ്ഥാനം നൽകുവാൻ ഗവർമ്മെണ്ടു് നിയമസഭയോടപേക്ഷിക്കുകയും ചെയ്തു. അന്നത്തെ നിയമസഭയിലെ അനുദ്യോഗസ്ഥസാമാജികന്മാർ ഒത്തൊരുമിച്ചു് ഏറ്റവും ശക്തിയായ രീതിയിൽ അതിനെ എതിർക്കുകയും ഏകകണ്ഠമായ ആ എതിർപ്പിന്റെ ഫലമായി അതുപാടെ തള്ളപ്പെടുകയും ചെയ്തു. അതിനുശേഷം ഗവർമ്മെണ്ടു് അവരുടെ പ്രത്യേകാധികാരം പ്രയോഗിച്ചു സർടിഫൈ ചെയ്തു. അങ്ങനെ അതു നിയമമായി. ഇന്നുവരെ അതു നിലനില്ക്കുകയും ചെയ്യുന്നു. അങ്ങിനെ ആ നിയമം ഉണ്ടായതിനുശേഷമുണ്ടായ നിയമസഭയുടെ ഓരോ സമ്മേളനത്തിലും അതിനെ എതിർത്തുകൊണ്ടുള്ള ഖണ്ഡനോപക്ഷേപങ്ങളും പ്രമേയങ്ങളും മറവും ധാരാളം ഉണ്ടായിട്ടുള്ളതു് ഇവിടെയുള്ള എല്ലാവർക്കും അറിയാവുന്നതാണു്. ഫ്രാൻസിൽ, ഞാൻ ഇപ്പോൾ പ്രതിനിധീകരിക്കുന്ന ഊരകം നിയോജകമണ്ഡലത്തിലെ മെമ്പറായിരുന്ന ശ്രീമാൻ ഇക്കണ്ടവാര്യർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അതേവാക്കുകളടങ്ങിയ ഒരു ബിൽ പത്രനിയമം റദ്ദു് ചെയ്കകിട്ടുവാനായി ഇവിടെ അവതരിപ്പിക്കുകയും ആ ബിൽ അനുദ്യോഗസ്ഥപക്ഷത്തിന്റെ പരിപൂർണ്ണമായ ആനുകൂല്യത്തോടുകൂടി പാസ്സാക്കുകയും ഉണ്ടായി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അതെന്തായി?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: അതെന്തായി എന്ന ചോദ്യം കഴിഞ്ഞനിയമസഭയിൽ ഞാൻകൊണ്ടു വരുകയും അതിനുമറുപടിയായി അതിപ്പോഴും ഗവർമ്മെണ്ടിന്റെ അലമാരയിൽഭദ്രമായി ഇരിക്കുന്നുണ്ടെന്നു മറുപടികിട്ടുകയും ചെയ്തിട്ടുണ്ടു് എന്ന വിവരം എല്ലാവർക്കും അറിയാം. ഇങ്ങിനെയുള്ള ഒരു ചരിത്രത്തോടുകൂടിയ ആ നിയമത്തെ റദ്ദാക്കുവാനാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. നമ്മുടെ എല്ലാവരുടേയും, കൊച്ചിരാജ്യത്തിലെ ഫർ ലക്ഷം ജനങ്ങളുടേയും, വെറുപ്പും വിരോധവും പ്രതിഷേധവുമുള്ള ഒരു വിഷയമാണു് ഈ പത്രനിയമം. അങ്ങിനെയുള്ള വെറുപ്പിനേയും വിരോധത്തേയും ആക്ഷേപത്തേയും അവഗണിച്ചുകൊണ്ടു്, ലവലേശം കണക്കാക്കാതെകണ്ടു്, ഗവർമ്മെണ്ടു് അവരുടെ സ്വേച്ഛാധികാരം പ്രയോഗിച്ചു്, നാമെല്ലാവരും ഇത്രയും കാലം ഭയപ്പെട്ടുകൊണ്ടിരുന്ന ആ ഫാസിസ്റ്റ് സമ്പ്രദായത്തിന്റെ ലക്ഷണങ്ങളെല്ലാമുള്ള അധികാരം പ്രയോഗിച്ചു്, ആ നിയമം ഇവിടെ നിലനിത്തിപോരുകയാണു് ചെയ്യുന്നതു്. ഈ നിയമം എന്തിനുണ്ടായി, എങ്ങിനെയുണ്ടായി, അതിന്റെ പ്രവർത്തനങ്ങൾകൊണ്ടു് എന്തെല്ലാം ഫലങ്ങളുണ്ടായി എന്നെല്ലാം ഇവിടെ ദീർഘമായി പ്രതിവാദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അയൽരാജ്യമായ തിരുവിതാംകൂറിലും ബ്രീട്ടീഷു സംസ്ഥാനങ്ങളിലും മറ്റനേകം നാട്ടു രാജ്യങ്ങളിലുമുള്ള വ്യവസ്ഥയാണു് ഇതെന്നും ഈ വ്യവസ്ഥ കൊണ്ടല്ലാതെ ഈ നാട്ടിലെ ജനങ്ങളെ രക്ഷിക്കുവാൻ സാധിക്കുകയില്ലെന്നും മറ്റുമുള്ള വാദങ്ങളോടു കൂടിയാണു് ഈ നിയമിത്തിനു് ആധാരമായ

LIBRARY ARCHIVES Kerala Legislative Assembly

ബിൽ ഗവർമ്മെണ്ടു അവതരിപ്പിച്ചതും വാദപ്രതിവാദത്തിൽ ഇതിനെ പിന്താങ്ങിക്കൊണ്ടു സംസാരിച്ചിട്ടുള്ളതും, യഥാർത്ഥത്തിൽ അപൂർവ്വം ചില രാജ്യങ്ങളിലൊ മറ്റൊ ഇങ്ങിനെ ഒരു നിയമം ഉണ്ടാകാം. ഇല്ലെന്നു് നിഷേധിക്കുവാൻ ഞാൻ ഒരുക്കമില്ല. എന്നാൽ ഈ ഗവർമ്മെണ്ടിന്റെ മേൽ നിയന്ത്രണാധികാരമുള്ള ഭരണാധികാരികളും ഭരിക്കുന്ന ബ്രിട്ടീഷിഡ്യായിൽപ്പോലും ഇതു ഭയങ്കരമായ, മട്ടനപരമായ, ഒരു നിയമം ഉണ്ടോ എന്നു സംശയമാണു്. ഇങ്ങിനെയുള്ള ഈ നിയമത്തിന്റെ കാര്യത്തിൽ out-heroding herod, ചെകുത്താനേക്കാൾ ചെകുത്താനായി പെരുമാറുക എന്ന രീതി അനുസരിച്ചാണു് ഗവർമ്മെണ്ടു് പെരുമാറുന്നതു്. ഈ രാജ്യത്തിലെ ജനങ്ങളൊട്ടാകെ, നിയമസഭയിൽ മാത്രമല്ല, പുറത്തും ഇതിനോടു വമ്പിച്ച പ്രതിഷേധവും വെറുപ്പും രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ടു്. എന്നാൽ ഇന്നും, ഒരു ദശാബ്ദത്തിനുശേഷവും ആ നിയമം അതിന്റെ പഴയ രീതിയിൽ തന്നെ വർത്തിച്ചുവരുന്നു. അതിനോടു പൊരുതുവാൻ നാം ഈ നിയമസഭയിൽ നമ്മുടെ എല്ലാശക്തികളും പ്രയോഗിച്ചുനോക്കി. പൊതുജനങ്ങൾ അവരുടെ കൈയ്യിലുള്ള എല്ലാ കഴിവുകളും പ്രയോഗിച്ചുനോക്കി. എന്നിട്ടും നമ്മുടെ മക്കടമുഷ്ടി പിടിച്ച ഗവർമ്മെണ്ടു് അങ്ങെ അറ്റത്തെ അക്രമത്തിന്മേലും ഏകാധിപത്യത്തിന്മേലും ഭരണാധികാരത്തിന്മേലും അധിഷ്ഠിതമായിരിക്കുന്ന ഗവർമ്മെണ്ടു് അങ്ങിനേയുള്ള ആക്ഷേപങ്ങളേയൊ പ്രതിഷേധങ്ങളേയൊ അഭിപ്രായങ്ങളേയൊ ലേശവും മാനിച്ചിട്ടില്ലെന്നാണു് നമുക്കു കാണുവാൻ കഴിഞ്ഞിട്ടുള്ളതു്. നമ്മുടെ ഇത്രയും കാലത്തെ സമരം യാതൊരു വിധത്തിലും ഫലവത്തായിട്ടില്ലെന്നുള്ളതു് വ്യക്തമാണു്. ആ സമ്മതിച്ചുകൊണ്ടു് ഇനി യാതൊന്നും നമ്മൾ ചെയ്യേണ്ടതില്ല, ഇന്നത്തെ നില തുടർന്നു പോയിക്കൊള്ളട്ടെ, എന്നനുവദിച്ചുകൊണ്ടു് ഈ അനുദ്യോഗസ്ഥപക്ഷത്തുള്ള ജനപ്രതിനിധികൾക്കൊ കൊച്ചിരാജ്യത്തുള്ള ഫർ ലക്ഷം ജനങ്ങൾക്കൊ അടങ്ങിയിരിക്കുവാൻ സാധിക്കുമൊ എന്നാണു് ഇപ്പോഴത്തെ ചോദ്യം. എന്തുവശ്യം പ്രമാണിച്ചു് ആവിർഭവിച്ചതായാലും വേണ്ടില്ല, എല്ലാവിധത്തിലുമുള്ള അപകടശക്തികളോടുംകൂടി വർത്തിക്കുന്ന ആ നിയമത്തെ നമ്മുടെ ദൌർബ്ബല്യംകൊണ്ടു്, അതിനെ മാറ്റുവാൻ നമ്മൾക്കു കഴിഞ്ഞില്ല എന്നുള്ള കുറവുകൊണ്ടു്, ഇനിയും വെച്ചുകൊണ്ടിരിക്കുവാൻ അനുവദിക്കാമോ? ഗവമ്മെണ്ടു് അവരുടെ മനോഭാവത്തിൽ യാതൊരു മാറ്റവും വരുത്തുവാൻ ഒരുക്കമില്ലായിരിക്കും. ലോകത്തിൽ ഡെമോക്രസിക്കുവേണ്ടി നാം യുദ്ധംചെയ്തു — അതിനുവേണ്ടിയല്ലെന്നു വ്യാഖ്യാനിക്കുന്ന ആളുകളേയും കാണാം!—എങ്കിലും അങ്ങിനേയുള്ള ഘോരയുദ്ധത്തിനുശേഷം ഏതൊരു ഏകാധിപത്യത്തെ ഏതൊരു സേച്ഛാധിപത്യത്തെ, ഏതൊരു ഫാസിസത്തെ എതിർത്തുംകൊണ്ടാണോ നാമെല്ലാവരും ഉൾപ്പെടെയുള്ള ആ സഖ്യകക്ഷികൾ പോരാടിയതു് ആ ഏകാധിപത്യവും സേച്ഛാധിപത്യവും മട്ടനസഭാവവും ഫാസിസ്റ്റ് മനോഭാവവും അടങ്ങിയ ആ നയം ഇനിയും നിലനിർത്തുവാൻ പാടില്ല എന്നു തീരുമാനിക്കുവാനുള്ള അവസരമാണു് ഇന്നു നമുക്കുള്ളതു്. പത്തുകൊല്ലക്കാലം അനുഭവിച്ച തഴകിയതാകയാൽ അതു് വെറുതെ പോയിക്കൊള്ളുമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ നിശ്ചയമായും എന്റെ ഈ ബിൽ അപ്രശക്തമാണു്. എന്നാൽ അങ്ങിനേയുള്ള മനോഭാവം ഈ ഭാഗത്തില്ല. ആ നിയമം വെറുതെ പോയിക്കൊള്ളുമെന്നു വിശ്വസിക്കുന്നതിനു ഞങ്ങളും കൊച്ചിരാജ്യത്തിലെ ജനങ്ങളും തയ്യാറില്ല.

ഈ നിയമം എങ്ങിനെയുണ്ടായി, എന്തിനുവേണ്ടിയുണ്ടായി എന്നാലോചിക്കുന്നതു് അല്പം രസാവഹമായിരിക്കും. അതിന്റെ ഉദ്ദേശങ്ങളും മറ്റും പ്രതിപാദിച്ചുകൊണ്ടു് ആദ്യത്തെ നിയമത്തിൽ ഉണ്ടായിരുന്ന ആ പീഠിക ശ്രദ്ധേയമാണു്.

കൊച്ചിയിൽ ഗവമ്മെണ്ടിനും ജനങ്ങൾക്കും സമാധാനമുണ്ടാകണമെങ്കിൽ അസത്യപരവും ആക്ഷേപാർഹവുമായിട്ടുള്ള വിമർശനങ്ങളേയും അതിരുകവിഞ്ഞ വിമർശനങ്ങളേയും തടയേണ്ടതു് അത്യാവശ്യമാണു് എന്നാണു് അന്നു ഗവമ്മെണ്ടിനു ബോദ്ധ്യമായിട്ടുള്ളതു്. അന്നത്തെ ആ വാദപ്രതിവാദവേളയിൽ ഗവമ്മെണ്ടുഭാഗത്തുനിന്നും അതിൽ പ്രതിപാദിച്ച രീതിയിലുള്ള എന്തെല്ലാം വിമർശനങ്ങളാണു് ഇവിടെയുണ്ടായിട്ടുള്ളതെന്നു ചൂണ്ടിക്കാണിക്കുവാനായി പല അനുദ്യോഗസ്ഥ സാമാജികന്മാരും ഗവമ്മെണ്ടിനോടു് ആവശ്യപ്പെട്ടെങ്കിലും അതിനു ഗവമ്മെണ്ടു് മൌനം അവലംബിക്കയാണു് ചെയ്തതു്. ഈ നാട്ടിൽ അന്നു നടപ്പുണ്ടായിരുന്ന പത്രങ്ങളിൽ ഒരു ചെറിയ വിഭാഗം ഒരു പക്ഷെ ഗവമ്മെണ്ടു് അന്നു ഭയപ്പെട്ടിരുന്ന രീതിയിലുള്ള അസത്യങ്ങളൊ, അവാസ്തവങ്ങളൊ, അതിരുകവിഞ്ഞ വിമർശനങ്ങളൊ ആക്ഷേപവും അശ്ലീലവുമായ പ്രതിവാദങ്ങളൊ ഉൾക്കൊണ്ടവയായിരുന്നില്ലെന്നു ഞാൻ വാദിക്കുന്നില്ല. അങ്ങിനേയുള്ള ചില പത്രങ്ങൾ ഇന്നും നമ്മുടെ നാട്ടിൽ ഉണ്ടെന്നു ഗവമ്മെണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ന്ന കണ്ണുതുറന്നുനോക്കിയാൽ കാണാൻ സാധിക്കും. ഈ കൊച്ചിയിൽ മാത്രമല്ല ഇതിനേക്കാൾ മെച്ചമായനിയമങ്ങളുള്ള മറ്റു രാജ്യങ്ങളിലും, ജനാധിപത്യഭരണം ഏറ്റവും വിജയപ്രദമായി നടക്കുന്ന ഏതു രാജ്യങ്ങളിലും ഇങ്ങിനേയുള്ള മയ്യാദയില്ലാത്ത പ്രസ്താവനകളും പ്രതിപാദനങ്ങളും അടങ്ങിയ പത്രങ്ങൾ ഉണ്ടാകാതിരിക്കയില്ല. ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. അങ്ങിനേയുള്ള പത്രങ്ങളേയും ആവിധത്തിലുള്ള മറ്റു ഏർപ്പാടുകളേയും എല്ലാം നിയന്ത്രിക്കേണ്ടതു് ഒരു ഗവൺമെണ്ടിന്റെ ചുമതലയാണു് എന്നുള്ളതിന്നും സംശയമില്ല. പത്രങ്ങളുടെ കായ്മും ഒഴിച്ചും നമുക്കു് അനേകം കായ്ദങ്ങളുണ്ടല്ലൊ. പൊതുജീവിതത്തിലും സ്വകായ്ജീവിതത്തിലും അതിരുകവിഞ്ഞുപോകുന്ന, ന്യായംവിട്ട പ്രവൃത്തിക്കുന്ന പല അക്രമങ്ങളും പ്രവൃത്തിക്കുന്ന പല ആളുകളുമുണ്ടു്. അങ്ങിനേയുള്ള പ്രവൃത്തിയില്ലാത്ത ജീവിതരംഗം ഉണ്ടെന്നു തോന്നുന്നില്ല. അത്തരം രംഗങ്ങളിലെ അക്രമങ്ങളേയും അഴിമതികളേയും അതിരുകവിഞ്ഞ പ്രവൃത്തികളേയും നിയന്ത്രിക്കുവാൻ നിയമമുണ്ടു്. അതേനിയമം വേണ്ടുംപോലെ ഉപയോഗിച്ചാൽ ഈ പത്രങ്ങളെ നിയന്ത്രിക്കുവാനും സാധിക്കുമെന്നുള്ളതിന്നു തർക്കമില്ല. എന്നാൽ നമ്മുടെ ഗവൺമെണ്ടിന്നു അതു് മതിയായിട്ടില്ല. അവരുടെ ഉദ്ദേശം ജനദ്രോഹപരവും സമുദായ ദ്രോഹപരവും രാജദ്രോഹപരവുമായ പത്രങ്ങളുടെ ഗതിയെ തടയുക എന്നുള്ളതല്ല എന്നു് അതിൽനിന്നു വ്യക്തമാകുന്നു എന്നു പറയുവാൻ എനിക്കു സാധിക്കും. പത്രനിയമത്തിന്റെ അടിസ്ഥാനമായ എമർജൻസി ലെജിസ്ലേഷൻ [illegible] കുംഭോദരത്തിൽ മഹാരാജാവു് തൃക്കൈവിളയാട്ടംമൂലം നിയമമാക്കി നടപ്പാക്കിയ കാലങ്ങളിലേക്കു ഒന്നു കണ്ണോടിച്ചു നോക്കുകയാണെങ്കിൽ ഗവൺമെണ്ടു് എന്തിന്നുവേണ്ടിയാണു് ഇങ്ങിനെയുള്ള നിയമം അവതരിപ്പിച്ചതെന്നു എളുപ്പത്തിൽ മനസ്സിലാക്കാം. അന്നു് സർ ഷൺമുഖംചെട്ടി ഇവിടെ ദിവാനായിവന്നു. ഇവിടെ ഒരു ചന്ദ്രിക്കമ്പനിവന്നു. ഒരു ഏലക്ട്രിസിറ്റി കോർപ്പറേഷനുണ്ടായി. ഏലക്ട്രസിറ്റിയെ അടിസ്ഥാനപ്പെടുത്തി ചില ആക്ഷേപങ്ങളുണ്ടായി. ഈ സംഭവങ്ങളില്ലാതെ ഇതിന്റെ ആവിർഭാവത്തിന്നു വേറൊരു കാരണവും ഉണ്ടായതായി എനിക്കു തോന്നുന്നില്ല. ഞാൻ സർ ഷൺമുഖംചെട്ടിയെ സംബന്ധിച്ചു ഒന്നും പറയുവാൻ ആഗ്രഹിക്കുന്നില്ല. ഏതു ഭരണാധികാരിയുടെ പ്രവൃത്തികളിലും വിമർശിക്കത്തക്ക സംഗതികളും ഒരുപക്ഷെ ശ്ലാഘിക്കത്തക്ക സംഗതികളും ഉണ്ടാകും. അങ്ങിനേയുള്ള ഭരണാധികാരികൾ വരുമ്പോൾ ചിലരുടെ നിർഭാഗ്യം കൊണ്ടോ ചിലരുടെ സൌഭാഗ്യം കൊണ്ടോ അല്ലെങ്കിൽ ഭാഗ്യത്തിന്റെ വൈപരീത്യം കൊണ്ടോ ചില വിമർശനങ്ങൾ, ചില എതിർപ്പുകൾ ഉണ്ടാകും. അന്നത്തെ പരിതസ്ഥിതികളിൽ ഉണ്ടായ ആ എതിർപ്പും വിമർശനവുമെല്ലാം സഹിക്കവയ്യാ എന്നുള്ള അവസ്ഥ അന്നത്തെ ഗവൺമെണ്ടിന്നുണ്ടായി. സ്വതവേ ഗവൺമെണ്ടിന്റെ അധികാരത്തെ ഉപജീവിച്ചു് ആ അധികാരത്തിൽനിന്നു കൊഴിഞ്ഞു വീഴുന്ന ആനുകൂല്യങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന ചില പൊതുപ്രവർത്തകന്മാർ അല്ലെങ്കിൽ പൊതുപ്രവർത്തകന്മാർ എന്നു ഭാവിക്കുന്ന ആളുകളോ, സേവകന്മാരൊ മറ്റോ എല്ലാ നാട്ടിലുമുണ്ടായിരിക്കും. അങ്ങിനേയുള്ള ആളുകളിൽ ചിലർ ഭരണാധികാരികളെ വാഴ്ത്തുകയും അതിന്നു തരപ്പെടാത്തവർ ആ ഭരണാധികാരികളെ കീഴ്പ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി കഠിനമായി വിമർശിക്കുകയും ചെയ്യുന്നവരും. എന്നാൽ നേരെയായി, ശരിയായി, യാതൊരു ദുരുദ്ദേശവും കൂടാതെ, പേടികൂടാതെ കാണുന്ന തെറ്റുകളെ പുറത്തു കാണിച്ചു വിമർശിക്കുന്ന ഒരുതരം ആളുകളും എല്ലാ കാലത്തും എല്ലാ നാട്ടിലും ഉണ്ടാകും. അങ്ങിനേയുള്ള ശരിയായ വിമർശനങ്ങളാണു് യഥാർത്ഥത്തിൽ സമുദായത്തിന്നും രാജ്യത്തിന്നും ആവശ്യവും ഉപയോഗവുമായിട്ടുള്ളതു്. അതുപോലും വെറുക്കുവാനുള്ള അവസ്ഥ ഭരണാധികാരത്തിന്നുണ്ടാകുകയാണെങ്കിൽ അതാണു് ഏറ്റവും ആപൽക്കരം; അതിരുകവിഞ്ഞ വിമർശനങ്ങളെ ഭയപ്പെടുന്ന ഒരാൾ ഒരുപക്ഷെ ചിലപ്പോൾ ന്യായമായ വിമർശനങ്ങളേയും കലശലായി എതിർത്തു എന്നുവരും. അങ്ങിനെ സർ ഷൺമുഖം ചെട്ടിയുടെ കാലത്തു—ഒരു പക്ഷെ വേറെ സംഭവങ്ങളും ഇതിന്നു കാരണമാകാം—അങ്ങിനേയുള്ള പരിതസ്ഥിതിയിലാണു് ഇതു പാസാക്കിയതെന്നു ഞാൻ വിശ്വസിക്കുന്നു. അന്നു് നിയമസഭയിൽ അന്നത്തെ നിയമമെമ്പർ വാദിച്ച കൂട്ടത്തിൽ അന്നു പള്ളിപ്പുറം പ്രതിനിധിയായിരുന്ന ഡാക്ടർ എ. ആർ. മേനോൻ ഒരവസരത്തിൽ, അതിന്റെ [illegible] മാസംമുമ്പു്, അദ്ദേഹത്തിന്റെ ക്ഷമക്കുറവുകൊണ്ടു് ഈ നാട്ടിലെ ഭരണാധികാരികൾ എന്തെങ്കിലും നല്ലകായ്ദം ചെയ്യണമെങ്കിൽ അവർ വേണ്ടതു് മയ്യാദകെട്ട പത്രങ്ങളെ നിയന്ത്രിക്കുകയാണു് എന്ന സംഗതിവശാൽ പറഞ്ഞുപോയതിനെ ഉദ്ധരിച്ചുകൊണ്ടാണു് ഈ നിയമം വേണമെന്നു ഗവൺമെണ്ടു് ഭാഗത്തുനിന്നു ശഠിക്കുകയുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യതു്. അങ്ങിനെയുള്ള ഒരാവശ്യം അനുദ്യോഗസ്ഥ പക്ഷത്തുനിന്നു കൊണ്ടുവന്നതു കൊണ്ടു് അനുദ്യോഗസ്ഥപക്ഷത്തുള്ള എല്ലാവരേയും അവരുടെ മാനവും രക്ഷിക്കുവാനും നാട്ടിലെ ജനങ്ങളേയും അവരുടെ മാനവും രക്ഷിക്കുവാനും വേണ്ടിയാണു് നിയമം കൊണ്ടു വന്നതു് എന്നു ഔദ്ധത്യത്തോടുകൂടി ബിൽ ഗവൺമെണ്ടു അവതരിപ്പിക്കുകയാണു് ചെയ്തതു്. യഥാർത്ഥത്തിൽ അന്നത്തെ ബില്ലിനെ സംബന്ധിച്ചിടത്തോളമുണ്ടായ വാദപ്രതിവാദാവസരത്തിൽ ഡാക്ടർ എ. ആർ. മേനോൻ വളരെ ലളിതമായ ഭാഷയിൽ, താൻ ഇങ്ങിനെയൊന്നും ഉദ്ദേശിച്ചിരുന്നില്ല; യാതൊരു വിധത്തിലുമുള്ള സ്വാതന്ത്ര്യം അനുവദിക്കാതെ പത്രങ്ങളെയെല്ലാം മർദ്ദിച്ചു് ഒരുതരം ചൈതന്യരഹിതമായ അവസ്ഥയിലേക്കു അധഃപതിപ്പിക്കുന്ന ഒരു നിയമത്തെ ക്ഷണിച്ചുവരുത്തുവാൻ ഉദ്ദേശിച്ചിരുന്നില്ല എന്നു പറയുകയുണ്ടായി. അദ്ദേഹം ചെയ്ത ആ പ്രസ്താവനയെ മാനിക്കാതെ ഗവൺമെണ്ടു അവരുടെ നിയമനിർമ്മാണ പരിശ്രമം തുടരുകയാണു് ചെയ്തതു്. ഇങ്ങിനെയുള്ള ഒരു പരിതസ്ഥിതിയിലാണു് ആ നിയമം ആവിർഭവിച്ചതെന്നു ഇവിടേയുള്ള മിക്കവർക്കും അറിയാം. അന്നു് അതിനെ എതിർത്ത ആളുകൾ ഇപ്പോഴും ഇവിടെയുണ്ടു്. അവർക്കറിയാം ആ നിയമം യഥാർത്ഥത്തിൽ ഗവൺമെണ്ടു അന്നു പറഞ്ഞ മാതിരിയായിരുന്നോ അല്ലയോ എന്നു്. അന്നു് ഒരു അടിയന്തിരഘട്ടത്തെ, ആപൽഘട്ടത്തെ, തരണം ചെയ്യുവാനായി ഉണ്ടാക്കിതീർത്ത ആ നിയമം ഒരുപദ്രവുകൊല്ലം പ്രവൃത്തിച്ചുതിന്റെ ഫലമെന്താണെന്നു നാമൊന്നു പരിശോധിക്കേണ്ടതു് അത്യാവശ്യമാണു്. ഈ നിയമം അക്രമമാണു്, അന്യായമാണു്, മർദ്ദനപരമാണു് എന്നാക്ഷേപിച്ചിട്ടുള്ളവരോടു് അന്നു ഗവൺമെണ്ടു പറഞ്ഞതു് ഇതൊന്നു നടപ്പാക്കി പരീക്ഷിച്ചു നോക്കാമെന്നായിരുന്നു. ഈ ഫ ഠ കൊല്ലത്തെ പ്രവർത്തനംകൊണ്ടു്, അനുഭവംകൊണ്ടു്, നമ്മുടെ നാട്ടിലെ പത്രപ്രവർത്തകന്മാക്കു അധഃപതനമാണു്, അസ്വാതന്ത്ര്യമാണു്, ഉണ്ടായിട്ടുള്ളതെന്നു പ്രത്യക്ഷമായും നമുക്കനുഭവമുണ്ടെങ്കിൽ നിശ്ചയമായും കഴിഞ്ഞ തവണത്തെ ഗവൺമെണ്ടിന്റെ വാദത്തിനു് യാതൊരു അടിസ്ഥാനവുമില്ലെന്നു വരുന്നതാണു്. അതുകൊണ്ടു് ആ നിയമത്തെ എതിർക്കുവാൻ കൂടുതൽ ശക്തിയുണ്ടാകുമെന്നുള്ളതിനു സംശയമില്ല.

നിയമത്തിന്റെ അടിസ്ഥാനമായിട്ടുള്ളതു് ലൈസൻസു എടുക്കണമെന്നുള്ള ഏർപ്പാടാണെന്നു ഞാൻ പറയേണ്ട ആവശ്യമില്ലല്ലൊ. ലൈസൻസു് സമ്പ്രദായംമൂലം പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടാലുള്ള ബുദ്ധിമുട്ടിന്റെ കാര്യമല്ല എനിക്കിവിടെ പറയുവാനുള്ളതു്. നിയമപ്രകാരം ആരെങ്കിലും ഒരു ലൈസൻസു വേണമെന്നാവശ്യപ്പെട്ടാൽ പത്രം നടത്തുവാനുള്ള ഉദ്ദേശത്തോടുകൂടി ഒരു ഡിക്ലറേഷൻ ഡിസ്ട്രിക്ടു് മജിസേ്ട്ടിന്റെ മുമ്പാകെ കൊടുത്തു കഴിഞ്ഞാൽ വേണ്ട ആലോചനകളെല്ലാം നടത്തിയതിന്റെശേഷം കൂടിയതു് ൫ ഠ ഠ ക. ജാമ്യസംഖ്യവാങ്ങി ലൈസൻസു കൊടുക്കാതെ ഗവൺമെണ്ടിനു ഗത്യന്തരമില്ലാ എന്നുള്ളതു് പരമാർത്ഥമായിരിക്കാം. പക്ഷെ എല്ലാ കാര്യത്തിലും ഒരു ഒഴിവുള്ളതുപോലെ ഇതിൽനിന്നു ഒഴിഞ്ഞുമാറുവാനും ഗവൺമെണ്ടിനു സാധിക്കുമോ ഇല്ലയോ എന്നു് എനിക്കു അറിഞ്ഞുകൂടാ. മൂന്നോ നാലോ കൊല്ലംമുമ്പു് ഒരുവ്യക്തി—അദ്ദേഹത്തിന്റെ പേർ പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല—ഒരു പത്രം നടത്തുന്നതിനു ലൈസൻസിനുഅപേക്ഷിച്ചിട്ടു് ആ അപേക്ഷ തള്ളപ്പെട്ടുകയൊ,ലൈസൻസു ലഭിക്കുകയോ ചെയ്തിട്ടില്ലെന്നു ഞാൻ കേട്ടിട്ടുണ്ടു്. ഫ ഫ ഫ-ലെ നിയമത്തിലെ വ്യവസ്ഥയനുസരിച്ചു് ഒരാൾ ലൈസൻസിനു് ആവശ്യപ്പെട്ടാൽ അതു നിഷേധിക്കുവാൻ യാതൊരു അധികാരവും ഗവർമ്മെണ്ടിനില്ല. അങ്ങേ അറ്റം ലൈസൻസിനു ൫ ഠ ഠ ക. ചോദിക്കാമെന്നു മാത്രമേയുള്ളൂ. എന്നാൽ അനേഷണം കഴിയാതെ അനേകനൂറാണ്ടു നീണ്ടുപോകാമെന്നതു സ്വാഭാവികമായി വരുന്ന ഒരു ഒഴിവാണു്.

ലൈസൻസ്സു് കൊടുത്തുകൊള്ളണമെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. എങ്കിലും ഇങ്ങിനെ അനേഷണം അവസാനിപ്പിക്കാതെ വന്നിട്ടുള്ള കേസ്സുകൾ ധാരാളമുണ്ടായിരിക്കും. ഇങ്ങിനെ ഒരു ലൈഡൻസ്സു കിട്ടുന്നതിനു വലിയ എളുപ്പമാണെന്നു വന്നാൽതന്നെയും ഈ പത്രപ്രവർത്തനവ്യവസായം നിലനിർത്തിപ്പോരണമെങ്കിൽ അതു മാനത്തോടും നിഷ്പക്ഷബുദ്ധിയോടും നീതിയോടും ധൈര്യത്തോടും കൂടി നടത്തിപ്പോരണം എങ്കിൽ വലിയ ബുദ്ധിമുട്ടുണ്ടെന്നതിനു സംശയമില്ല. ഒരു രൂപാമുതൽ ൫ ഠ ഠ ക.വരെ ലൈസൻസിനു മേടിക്കാമെന്നു നിയമമുണ്ടു്. മിസ്റ്റർ വള്ളോൻ നടത്തിയിരുന്ന ഹരിജൻപത്രത്തിനാണെന്നു തോന്നുന്നു ഒരു രൂപാ ലൈസൻസുഫീസ്സു് ചുമത്തീട്ടുള്ളതു്.

മിസ്റ്റർ കെ. കെ. കണ്ണൻ : ഫ ഠ ക.യാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ഒരു രൂപായാണെന്ന ഞാൻ വായിച്ചിട്ടുള്ളതായി ഓർക്കുന്നുണ്ട്".

മിസ്റ്റർ സി. ജെ. മാത്യു : ഫ 0 കയിൽ കുറച്ചു കൊടുക്കാറില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ങ്ക.ക്ക എനിക്കതന്നെ കിട്ടീട്ടുണ്ട്". ഇങ്ങിനെ ഒരു രൂപാമുതൽ ങ 0 0 ക. വരെ ലൈസൻസുഫീസു വാങ്ങിക്കാമെന്നാണു വ്യവസ്ഥ. ങ 0 0 ക. വരെ ജാമ്മ്യം കൊടുപ്പാൻ ഒരുക്കമുള്ളവർ മാത്രമേ നാട്ടിൽ പത്രം നടത്താൻ പാടുള്ളൂ എന്നതു് എത്ര അപമാനകരമായ ഒരവസ്ഥയാണെന്ന നാം ആലോചിച്ചുനോക്കേണ്ടതാണു്". ഒരു നിയമാധികാരമുള്ള കോടതി ഒരാളുടെ പേരിൽ ഒരു രൂപായൊ അഞ്ഞൂറു രൂപായൊ പിഴ കല്പിച്ചു എന്നു വന്നാൽ അതു് ആ കുറ്റത്തിന്റെ തോതനുസരിച്ചുള്ള ശിക്ഷയാണെന്നു പറഞ്ഞു സമാധാനിക്കാമെങ്കിലും ഈ ലൈസൻസു വാങ്ങുന്ന ആളെ ഒരുറപ്പികക്കാരനോ അഞ്ഞൂറുറപ്പികക്കാരനോ എന്നു നിശ്ചയിച്ചു് പത്രപ്രവർത്തകന്മാരെ ഇങ്ങിനെ ഗവമ്മെണ്ടു തരം തിരിക്കുക എന്നുള്ളതു് എത്ര അഭാസമാണെന്നു് ആലോചിച്ചുനോക്കിയാൽ ഗവമ്മെണ്ടിനുതന്നെ അതിന്റെ അനൌചിത്യം ബോദ്ധ്യമാകുമെന്നാണു് എനിക്കു തോന്നുന്നതു്".

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മാസികക്കും ദിനപത്രത്തിനും ആപ്പീപ്പതിപ്പിനും ഒരേനിലയിൽ കണക്കാക്കിയാൽ മതിയൊ ?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ആപ്പീപ്പതിപ്പിനു ഫ ങ 0 ക. വാങ്ങിച്ചു അനുഭവവും ദിനപ്പതിപ്പിനു ഫ 0 0 ക. വാങ്ങിച്ചു അനുഭവവും. എനിക്കുണ്ടു്". ഇതിനേക്കാൾ കുറച്ചു മുമ്പാണെന്നു തോന്നുന്നു, ഒരു പത്രത്തിനു് അപേക്ഷ കൊടുത്തപ്പോൾ ങ 0 0 ക. ക്കാരനായിട്ടാണു ഞാൻ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ടതു്. യഥാർത്ഥത്തിൽ ഇതു് അപമാനകരമായിട്ടു് എനിക്കു തോന്നുന്നുണ്ടു്. ഇന്ന ആളുടെ അഭിപ്രായത്തിനു് ഇത്ര ഉറപ്പികയാണു വിലയെന്നു ഗവമ്മെണ്ടു കണക്കാക്കീട്ടുണ്ടെന്നു വിചാരിക്കാതെ നിവൃത്തിയില്ല. ഇതിലുള്ള വിഷമതയെക്കുറിച്ചു് ഒരു ഭാഗം പറയാതെ നിവൃത്തിയില്ല. ജനസേവകനായ മിസ്റ്റർ വള്ളോനെപ്പോലെയുള്ള ആളുകളോടു് ആദ്യംതന്നെ ങ 0 0 ക. കെട്ടണമെന്നു പറഞ്ഞാൽ വളരെ ബുദ്ധിമുട്ടായിരിക്കും. പിന്നെ പത്രത്തിൽ എഴുതുന്ന ഓരോ വാക്കും ഓരോ അക്ഷരവും സൂക്ഷിച്ചു പ്രയോഗിക്കണം. അതിനു് എപ്പോഴും സാദ്ധ്യമായി എന്നു വരികയില്ല. എന്താണു വരുവാൻ പോകുന്നതെന്നു ഭയപ്പെട്ടുകൊണ്ടായിരിക്കും എപ്പോഴും എഴുതുക. ഇതിനുമുമ്പുണ്ടായ വാദപ്രതിവാദവേളയിൽ ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ റാവുസാഹിബു് അയ്യപ്പൻ പറയുകയുണ്ടായിട്ടുണ്ടു് അദ്ദേഹത്തിനു പത്രനിയമം വരുന്നതിനു മുമ്പും അതിനു ശേഷവും അദ്ദേഹത്തിന്റെ അഭിപ്രായം എഴുതുന്നതിൽ അശേഷം മാറ്റം വന്നിട്ടില്ല എന്നു്. അദ്ദേഹത്തിന്റെ നില വളരെ അധികം ആളുകൾക്കുണ്ടാകയില്ല. എന്നാൽ അദ്ദേഹവും ഈ നിയമത്തെ അനുകൂലിച്ചിട്ടില്ല. അദ്ദേഹം എതിർക്കുകയാണുണ്ടായതു്. സാധാരണ ജനങ്ങൾക്കു് ഓരോരുത്തരുടേയും നേരെ ചൂണ്ടിയിട്ടുള്ള തോക്കിനെ ഭയമുണ്ടുവേണം പത്രപ്രവർത്തകന്മാരായി കഴിഞ്ഞുകൂടുവാൻ എന്നു് അവസ്ഥയാണു വന്നിരിക്കുന്നതു് എന്നു പറയാതെ നിവൃത്തിയില്ല. ഇതിനെക്കുറിച്ചു് ഇന്നത്തെ നിയമമെമ്പർ അന്നു നിയമമെമ്പറല്ലായിരുന്നു്—പറഞ്ഞിട്ടുള്ള ഒരു പ്രസ്താവന ഇവിടെ വായിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതായതു നമ്മുടെ നാട്ടിലെ പത്രപ്രവർത്തകന്മാർ യഥാർത്ഥത്തിൽ കുറവാളികളേക്കാൾ അധഃപതിച്ച നിലയിലാണു വന്നുചേർന്നിട്ടുള്ളതു് എന്നു പറയുന്ന പ്രസ്താവനയാണതു്". അദ്ദേഹം പറയുന്നു—

"Government observe that there has been a tendency of late to transgress the limits of fair or legitimate criticism and indulge in the dissemination of false and objectionable matter among the public. The recent amendment of the Cochin Press and Registration of Books Regulation and the Cochin Code of Criminal Procedure have not been found adequate or effctive to combat this evil. Government consider it essential in the interests of good administration and of maintaining a healthy and well-informed public opinion that the publication of newspapers within the State should be brought under better control. Hence the Bill".

"There is no principle by which a man who has not committed an offence can be punished. Even under the Criminal Procedure Code we find persons can be bound over for good behaviour only on the strength of several past incidents in their career. It is a boundle of criminal acts that prevail upon the Court to call upon a person to furnish security for good behaviour".

LIBRARY ARCHIVES Kerala Legislative Assembly

"Similarly if it is the 'apprehension of the breach of the peace the court can call upon him to furnish security. But it is not an executive will but a judical apprehension that is the guiding factor.

With regard to editors I regret to say that this piece of legislation places them on a lower level than such offenders, because you are asking them in the first instance for good conduct and behaviour to take license. I say therefore that this piece of legislation carries with it humiliation and some of the provisions of it require drastic changes especially in divesting the Executive of that power of taking action in the first instance".

"But I am not at all in sympathy with any single provision in this Bill".

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: വേറെ ഒരവസരത്തിൽ അദ്ദേഹം പറയുന്ന— അതുംകൂടി ഇനി മറെറാരവസരത്തിലേയ്ക്കു നീട്ടാതെ ഇപ്പോൾത്തന്നെ വായിക്കാം.

ഇങ്ങിനെയാണ് അദ്ദേഹം പറഞ്ഞതു. അതു പാസ്സാകയും ചെയ്തു. ഇന്ന്, പലക്കും വന്ന ചേരാവുന്ന ദുഷ്പ്രയോഗംകൊണ്ട്, ഡോക്ടർ ജെക്കിലും മിസ്റ്റർ ഹൈഡുമായി മാറിക്കളിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് അദ്ദേഹത്തിന്നു എന്റെ ബില്ലിനെ എതിർക്കാതെ നിവൃത്തി ഇല്ലെന്നുവരാം. ഏതായാലും ഒരു പത്രപ്രവർത്തകനൊ ഒരു ലേഖകനോ ഭയത്തോടുകൂടിവേണം ഒരു പത്രത്തിലെഴുതാൻ. നാട്ടിൽ അക്രമവും കൊള്ളയും ചെയ്തു സേവയ്ക്കു നില്ക്കാനറിയുന്ന ആളുകൾക്കു—ഈ പേടിക്കൂടാതെ എഴുതാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: Advertisement മാത്രം പോരെ?

മിസ്റ്റർ വി. ആർ. കൃഷ്ണൻ എഴുത്തശ്ശൻ: കാര്യം കിട്ടാൻ അതുമാത്രം മതി. പക്ഷെ മിസ്റ്റർ പണിക്കർ Advertisement കൊണ്ടുമാത്രം ഒരു പത്രം നടത്താമെന്നു് വിചാരിച്ചു് പറയുകയില്ല എന്നു് ഞാൻ വിചാരിക്കുന്നു. ഏതായാലും ഈ കാര്യം എല്ലാവർക്കും നല്ല പോലെ, പകൽ വെളിച്ചംപോലെ വ്യക്തമായി കാണാൻ സാധിക്കുന്ന ഒന്നാണു്. അതായതു് സർക്കാരിന്റെയൊ, സർക്കാരിന്റെ ഉദ്യോഗസ്ഥന്മാരുടേയൊ അവർക്കുവേണ്ടി നില്ക്കുന്ന ആളുകളുടേയൊ ദോഷവശങ്ങളെപ്പററിയുള്ള പരമാർത്ഥം പറഞ്ഞു് വിമർശിക്കാൻ ധൈര്യപ്പെടുന്ന ഒരാൾ അതിന്നു് പുറപ്പെടുകയാണെങ്കിൽ അയാളുടെ പത്രത്തിന്നു് എന്തു യോഗമാണു് നാളെ വരാൻ പോകുക എന്നു ഭയപ്പെട്ടുകൊണ്ടുവേണം പത്രപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ. പത്രം, ഇങ്ങനെ പേടിയെച്ചുകൊണ്ടു്, പത്രനിയമത്തിന്റെ പേരിലുള്ള പേടിയെ പ്രമാണമാക്കിക്കൊണ്ടു് പത്രപ്രവർത്തനം ചെയ്യാമെന്നുവെച്ചാൽ അതു് വേണ്ടവിധത്തിലാകയില്ലെന്നു് എനിക്കറിയാം. എങ്ങിനെയായാലും, ആദ്യത്തെ ഘട്ടത്തിലുള്ള ഈ ലൈസൻസ്സു്, ഒരു റപ്പിക കൊടുത്തിട്ടാകട്ടെ, പത്തു റപ്പിക കൊടുത്തിട്ടാകട്ടെ, അഞ്ഞൂറു റപ്പിക കൊടുത്തിട്ടാകട്ടെ വാങ്ങിക്കുന്ന ഒരു ലൈസൻസ്സു്, അങ്ങിനെ ചുമ്മാ റദ്ദു് ചെയ്യാൻ ഗവർമ്മെണ്ടു് ഒരുങ്ങുകയില്ല എന്നു് ധൈര്യപ്പെട്ടുകൊണ്ടു് വേണ്ടവിധം പത്രധർമ്മം അനുഷ്ഠിക്കുവാൻ സാദ്ധ്യമല്ലെന്നു എനിക്കറിയാം. ഒരുപക്ഷെ ഗവർമ്മെണ്ടിന്റെ നടവടിയെ എതിർത്തു് ഹൈക്കോടതിയിൽ തർക്കിച്ചു വിജയം നേടാൻ സാധിക്കുമെന്നു ബഹുമാനപ്പെട്ട നിയമമെമ്പർ വാദിക്കുമായിരിക്കാം. എങ്ങിനെയായാലും, അങ്ങിനെ ഒരു പരീക്ഷണത്തിന്നു മുതിരാൻ വളരെ ആളുകൾ വളരെ ഉത്സാഹത്തോടുകൂടി പുറപ്പെടുകയില്ല എന്നു് തീർച്ചയാണു്. ഒരു റപ്പികയുടെ ലൈസൻസ്സായാലും ൫൦൦ റുപ്പികയുടെ ലൈസൻസ്സായാലും ൫൦൦൦ കു. യുടെ ലൈസൻസ്സായാലും ഒരിക്കൽ പൊയ്പോയാൽ രണ്ടാമതു് രണ്ടായിരത്തഞ്ഞൂറു റുപ്പിക വരെ ലൈസൻസ്സു് ഫീസ്സു് കൊടുത്തു ഒരു പുതിയ ലൈസൻസ്സു് വാങ്ങണം എന്നുള്ളതാണു് ഇന്നത്തെ നില. അങ്ങിനെ ഒരു ലൈസൻസ്സു് വാങ്ങി പത്രപ്രവർത്തനം തുടരാമെന്നിരുന്നാൽതന്നെ പത്രാധിപക്കു് കിട്ടുന്ന സൽപേരൊ ദുഷ്പേരൊ പ്രിൻടരുടേയും പബ്ലിഷരുടേയും നിലയെ ആശ്രയിച്ചിരിക്കുമെന്നുള്ളതു് ഒരു വാസ്തവമാണു്. അങ്ങിനെ രണ്ടായിരത്തഞ്ഞൂറു റുപ്പികവരെയുള്ള ഒരു സംഖ്യ കൊടുത്തു് രണ്ടാമതും ലൈസൻസ്സു് വാങ്ങി പത്രം നടത്താമെന്നുവെച്ചാൽ ഗവർമ്മെണ്ടിന്റെ പ്രീതി സമ്പാദിക്കാൻ പത്രം നടത്തുക എന്നുള്ള നിലയാണു് ആ ആൾക്കു് കൈക്കൊള്ളേണ്ടി വരിക. വീണ്ടും ലൈസൻസ്സു് റദ്ദാക്കപ്പെട്ടുപോയാൽ എത്ര ഉറുപ്പിക കൊടുത്തിട്ടായാലും ഒരു ലൈസൻസ്സു് വാങ്ങി മൂന്നാമതു് പത്രപ്രവർത്തനം നടത്തുവാൻ സാധിക്കുന്നതല്ല. ഞാൻ പറയുന്നതു് തെറ്റാണെങ്കിൽ നിയമമെമ്പർ ആ തെറ്റു തിരുത്താൻ വിരോധമില്ല. ഇങ്ങിനെയായാൽ പത്രപ്രവർത്തനം ലോകത്തിൽനിന്നു് തിരോഭവിക്കുകയല്ലാതെ പാവപ്പെട്ട പത്രപ്രവർത്തകന്മാർക്കു ഗതിയില്ല. ഉണ്ടാകാൻ വഴിയില്ലെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് ഞാൻ മനസ്സിലാക്കിയതു്. അങ്ങിനെ ഈ ലൈസൻസ്സ് കിട്ടാനുള്ള വിഷമവും അതു നിലനിത്താനുള്ള വിഷമവും ആലോചിച്ചാൽ പത്രപ്രവത്തനം സുസാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. പത്രപ്രവത്തക ലോകത്തിലുള്ള രണ്ടാമത്തെ വിഷമമാണു് പോലീസുകാരെ കൊണ്ടുള്ളതു്. പത്രപ്രവത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പിന്നാലെ പോലീസുകാർ ഉ ഷ്ടിപതിപ്പിച്ചുകൊണ്ടിരിക്കും. ഇങ്ങിനെയുള്ള വിഷമങ്ങൾ ആലോചിക്കുമ്പോൾ സാമാന്യം ആളുകൾ, കുറച്ചൊക്കെ ഒരു വഴക്കും ക്ലേശവും കൂടാതെ, കുറച്ചു് സമാധാനത്തോടും സംതൃപ്തിയോടും കൂടി ജീവിക്കണമെന്നാഗ്രഹിക്കുന്ന ആളുകൾ എന്തിനാണു് ഈ വിഷമം പിടിച്ച വിധത്തിൽ ഗവമ്മെണ്ടിനെ വിമർശിക്കാൻ പോകുന്നതു്, ജനങ്ങൾ എന്തെങ്കിലും എങ്ങിനെയെങ്കിലും അനുഭവിച്ചുകൊള്ളട്ടെ എന്നു് വിചാരിച്ചു് പേടിച്ചു് മിണ്ടാതിരിക്കും. കഴിഞ്ഞ ൧൦ കൊല്ലത്തിനിടയ്ക്കു് വളരെ പത്രങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ആ പത്രപ്രവത്തകന്മാർക്ക് സ്വതന്ത്രരായി അഭിപ്രായം തുറന്നു പറയത്തക്ക രീതിയിൽ വളർന്നുവരുവാൻകഴിഞ്ഞിട്ടുണ്ടോ? പല പത്രങ്ങളും തുടർന്നുകൊണ്ടുപോകുവാൻ നിവൃത്തിയില്ലാതായിത്തീരുകയല്ലെ ചെയ്തിട്ടുള്ളതു്?

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: അതാണു് ഗവമ്മെണ്ടിന്റെ ആവശ്യം. എന്നാൽ ലൈസൻസ് ഫീസ്സ് കൂടുതൽ വസൂലാവുമല്ലൊ,

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അങ്ങിനെ ഫീസ്സ് വസൂൽ ചെയ്യാനും മറ്റുമുള്ള ഉദ്ദേശത്തോടുകൂടി പ്രവൃത്തിക്കുവാൻ പറ്റിയ ഒരു നിയമമാണു് ഇതെന്നു് എനിക്കു് നല്ലപോലെ അറിയാൻ സാധിച്ചിട്ടുണ്ടു്. അങ്ങിനെയാണെന്നു് ഞാൻ ഊന്നിപ്പറയുന്നു. ഗവമ്മെണ്ടിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർ കണ്ണുരുട്ടുമ്പോൾ പേടിക്കത്തക്ക സ്ഥിതിയിലുള്ള ആളുകളാണെങ്കിൽ ഏതുവിധത്തിൽ adjust ചെയ്തുകൊണ്ടും പ്രവത്തിപ്പാൻ സാധിക്കും. എനിക്കു് രണ്ടു മൂന്നു് കൊല്ലം മുമ്പു് ഒരനുഭവമുണ്ടായി. എന്റെ ഒരു സ്നേഹിതൻ തന്റെ ഒരു പത്രം നടത്തണമെന്നു് എന്നോടാവശ്യപ്പെട്ടു. അതനുസരിച്ചു് അദ്ദേഹത്തിന്റെ പത്രം നടത്താമെന്നു ഞാൻ ഏല്ക്കുകയും അദ്ദേഹം വിശ്രമ ജീവിതത്തിനായി അണ്ണാമലയ്ക്കു മറ്റോ, കുറെ ദൂരംപോയി വിശ്രമജീവിതം നയിക്കുകയുംചെയ്തു. ആ പത്രം ഒരു നാലാഴ്ചവട്ടം എന്റെ മേൽനോട്ടത്തിൽ നടത്തിക്കഴിഞ്ഞപ്പോൾ പെട്ടെന്നു് ഒരു ദിവസം ആൾ ഇവിടെ പ്രത്യക്ഷനായി. എന്റെ മുമ്പിലല്ല; പത്രം അച്ചടിക്കുന്ന സ്ഥലത്തു്. അച്ചുക്കൂടത്തിലെ മാനേജരുടെ അടുക്കൽ, പത്രം നടത്തുവാനായി എന്നെ അധികാരപ്പെടുത്തിയ കടലാസ്സു് മടക്കി മേടിച്ചു്, മിസ്റ്റർ കൃഷ്ണനെഴുത്തശ്ശൻ കൊണ്ടുവരുന്ന യാതൊരു മാറ്റവുകളും പത്രത്തിൽ ചേർക്കരുതു് എന്നൊരു കല്പന പുറപ്പെടുവിക്കുകയാണുണ്ടായതു്. അതിന്റെ പിന്നിൽ ചില ചരിത്രമുണ്ടായിരുന്നു എന്നു് എനിക്കറിയാം. വലിയ ചില ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തെ വീട്ടിലേക്കു് വിളിപ്പിച്ചതിന്റെ ഫലമായിട്ടാണു് അങ്ങിനെയെല്ലാം സംഭവിച്ചതെന്നും എനിക്കറിയാം. അങ്ങിനെ ആ നിലയിൽ ആ പത്രം തുടരുകയാണെങ്കിൽ തന്റെ ലൈസൻസും പോയേക്കുമെന്നു് ഭയപ്പെടത്തക്ക ഭീഷണികളും ഉണ്ടായിരുന്നു എന്നു് എനിക്കറിയാൻ സാധിച്ചിട്ടുണ്ടു്. പക്ഷെ അവരുടെ ആ രീതികളൊന്നും എന്റെ അടുക്കൽ ഏടുത്തിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സേവയുള്ളതുകൊണ്ടായിരിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണൻ എഴുത്തശ്ശൻ: അല്ല. ആ കല ഞാൻ അഭ്യസിച്ചിട്ടില്ലാത്തതുകൊണ്ടു്, എന്റെ അടുക്കൽ ആവക പണികൾ നടക്കുകയില്ലെന്നുള്ളതുകൊണ്ടായിരിക്കാം; ആതരം പത്രപ്രവത്തകന്മാരോടു് കാണിക്കാവുള്ള യാതൊരു വ്യാപാരവും എന്റെ അടുക്കൽ പ്രയോഗിക്കുകയുണ്ടായിട്ടില്ല. പിന്നീടു് സ്വന്തം നിലക്കു് പത്രപ്രവത്തനം തുടങ്ങിയതിന്നുശേഷവും ഇതുപോലെയല്ലെങ്കിലും ഒരു പരീക്ഷണമെന്നപോലെ ഒരു അനുഭവമുണ്ടായി. ഒരു ആഴ്ചപ്പത്രം നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിൽ ഒരു അയൽ രാജ്യത്തിലെ പ്രസിദ്ധനായ ഒരു ദേശാധികാരിയുടെ ന്യൂനതകളെക്കുറിച്ചു് എഴുതുകയുണ്ടായി. കൊച്ചി രാജ്യത്തിൽ നടത്തുന്ന ഒരു പത്രത്തിൽ പുറമെയുള്ള കാര്യങ്ങളെക്കുറിച്ചു് പ്രതിപാദിക്കാൻ പാടില്ലെന്നു് വരുന്നതിൽപ്പരം അസംബന്ധം മറ്റെന്തുണ്ടു്? ഒരു പത്രത്തിൽ അയൽനാട്ടിലെ കാര്യവും ഉണ്ടാകുക സാധാരണയാണല്ലൊ. ആ നാട്ടിലെ ദേശാധികാരിയെ സന്തോഷിപ്പിക്കുവാനുള്ള ഒരു വഴിയെന്നല്ലാതെ ഇതിനൊന്നും ഒരു അർത്ഥവുമില്ല. എന്നോടു് ഈ സംഗതി രഹസ്യമായി ചെയ്യണമെന്നു് പറഞ്ഞിട്ടില്ലാത്തതുകൊണ്ടാണു് ഞാൻ പരസ്യമായി പറയുന്നതു്. ഒരു ദിവസം ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് എന്നെ കാണണമെന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദ്ദേഹത്തോട് എനിക്കൊരു താക്കീതു നല്കുവാൻ ഗവണ്മെണ്ടു് പറഞ്ഞിരുന്നുവത്രെ. നിങ്ങൾ പത്രത്തിൽ ഇന്നിന്നതെല്ലാം എഴുതിയതു് തെറ്റാണു്. നിങ്ങൾക്കു ഒരു severe warning തരാൻ എന്നെ അധികാരപ്പെടുത്തിയിരിക്കുന്നു എന്നാണു് എന്നോടു പറഞ്ഞതു്. ഞാൻ ചെയ്തതു് തെറ്റാണൊ എന്നു് ആലോചിക്കാം. ഞാൻ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളെല്ലാം പരിശോധിച്ചു് ഇന്നതു് വേണ്ട എന്നു് ബോദ്ധ്യപ്പെട്ടാൽ അതു് വേണ്ടെന്നുവെയ്ക്കുകയും, എന്റെ അഭിപ്രായത്തിലും എന്റെ ആലോചന അനുസരിച്ചും അതു് തെറ്റല്ലഎന്നു് ബോദ്ധ്യപ്പെടുകയാണെങ്കിൽ അതു് തുടരുകയും ചെയ്യുമെന്നു് പറഞ്ഞുകൊണ്ടാണു് ഞാൻ മടങ്ങി പോന്നതു്. പിന്നീടു ഭാഗ്യവശാൽ അതൊന്നും തുടരേണ്ടി വന്നില്ല. ആ നാട്ടിലെ ഭരണാധികാരി ആപത്രം അവിടെ കടത്തിക്കൂടാ എന്നൊരു നിയമം പാസ്സാക്കിയതുകൊണ്ടു് കൊച്ചി ഗവണ്മെണ്ടിനു വളരെ രക്ഷകിട്ടി എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഈ മുന്നറിയിപ്പു കൊടുക്കുന്നതു തെറ്റാണെന്നാല്ല ഞാൻ പറയുന്നതു്. ഉത്തരവാദപ്പെട്ട ഒരാൾ ഒരു പത്രം നടത്തുകയാണെങ്കിൽ ആ പത്രം തന്റെ ഹിതമനുസരിച്ചു നടത്തുവാനുള്ള സ്വാതന്ത്ര്യം ആ ആൾക്കുണ്ടായിരിക്കണം. നമ്മുടെ നാട്ടിൽ ശരിയായ പത്രപ്രവർത്തനസ്വാതന്ത്ര്യം ഇല്ലെന്നു വന്നാൽ വാസ്തവത്തിൽ വലിയ ആപത്താണു് അതുകൊണ്ടു് ഈ നാട്ടിന്നുണ്ടാവുക എന്നുള്ളതു് തീച്ചയാണു്. അതുകൊണ്ടു് അതിരു് കവിഞ്ഞ രീതിയിലുള്ള പത്രപ്രവർത്തനസ്വാതന്ത്ര്യം വേണമെന്നാണു വാദിക്കുന്നതെന്നു് ഈ സഭയിൽ ആരും വിചാരിക്കേണ്ട ആവശ്യമില്ല. ഈ നാട്ടിലെ ആളുകൾക്കിടയിലുള്ള അക്രമപരമായ മത്സരങ്ങളെല്ലാം പത്രപ്രവർത്തന ലോകത്തിൽനിന്നും അകറ്റി നിർത്തണം. യഥാർത്ഥത്തിൽ പത്രത്തിൽ അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ കൊണ്ടു് ആളുകളുടെ മേൽ കുതിരകയറുവാനും, അശ്ലീലമായ ഭാഷ ഉപയോഗിക്കുകയൊ, വ്യക്തിപരമായ പകപോക്കൽ, പക്ഷപാതങ്ങൾ ഇവകൾ അനുവദിക്കുകയൊ ചെയ്തു് കഴപ്പുണ്ടാക്കുവാനും ആരെങ്കിലും പുറപ്പെടുകയാണെങ്കിൽ അതിനെ തടയേണ്ടതു് ആവശ്യമാണെന്നതിനു എനിക്കു് സംശയമില്ല. അതുപോലെയുള്ള നിയന്ത്രണങ്ങൾ പത്രത്തിന്നാവശ്യമാണു്. അതിനു ഇങ്ങിനെ ലൈസൻസുകാരെ സൃഷ്ടിച്ചു യാതൊരു സ്വാതന്ത്ര്യവും നല്കാത്ത ഒരു നിയമം വെച്ചുകൊണ്ടിരിക്കുകയല്ല ആവശ്യം, ജനാധിപത്യപരമായ ഭരണം നമ്മുടെ നാട്ടിൽ ഉണ്ടാക്കാൻ സാധിക്കണമെങ്കിൽ, അങ്ങിനെ ഒരു ഭരണത്തെയാണു് നമുക്കു് ആവശ്യമെന്നാണു് ഗവണ്മെണ്ടും ജനങ്ങളുമെല്ലാം പ്രഖ്യാപിക്കുന്നതു്, അങ്ങിനെ ഒന്നാണു് നമ്മുടെ ലക്ഷ്യമെന്നുവെച്ചാൽ സ്വതന്ത്രമായ പത്രപ്രവർത്തനം ക്രടാതെ കഴിയുകയില്ല. അഭിപ്രായം പറയാൻ പത്രങ്ങൾ മുഖേന ഇന്നത്തെ നിലയ്ക്കു് നമുക്കു് സാധ്യമാകുകയില്ലെന്നുള്ളതിനു സംശയമില്ല. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറായ മിസ്റ്റർ എസ്സ്. എസ്സ്. കോഡർ പറയുകയുണ്ടായി ജങ്ങളുടെ സ്വകലാശാലയാണു് പത്രമെന്നു്. അതു് യഥാർത്ഥമാണു്. നമ്മുടെയെല്ലാം അഭിപ്രായം വേണ്ടവിധത്തിൽ രൂപീകരിക്കുവാൻ പരിശീലിപ്പിക്കുന്ന സ്വകലാശാലയാണു് പത്രങ്ങൾ എന്നുള്ളതിനു സംശയമില്ല. അങ്ങിനെയുള്ള സ്വകലാശാലയുടെ മേൽ മർദ്ദനപരമായ നിയമം നമ്മുടെ ഗവണ്മെണ്ടു് അനുവർത്തിക്കുക എന്നുള്ളതു് നമ്മുടെ രാഷ്ട്രീയബോധത്തിന്റെ വളർച്ചയെ ഇല്ലായ്മ ചെയ്യുന്നതായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. ആക്ഷേപങ്ങളും അഭിപ്രായ വ്യത്യാസമുണ്ടാകുമെന്നും എനിക്കു് സംശയം തോന്നുന്നില്ല. അതേ സമയംതന്നെ ഇവിടത്തെ ഗവണ്മെണ്ടിനേയും ഉദ്യോഗസ്ഥന്മാരേയും ചില പത്രങ്ങൾ സ്തുതിച്ചുകൊണ്ടിരിക്കുന്നുണ്ടു്. നല്ലകാര്യത്തിനായാലും ചീത്തക്കാര്യത്തിനായാലും വളരെ അതിരുകവിഞ്ഞ സ്തുതിക്കുകയെന്നുള്ളതു് രാജ്യത്തിന്നും ഉദ്യോഗസ്ഥന്മാർക്കും ആപത്താണു്. ഇത്തരം സ്തുതിപാഠകന്മാരേയും അങ്ങിനെ അതിരു് കവിഞ്ഞു സ്തുതിക്കുന്ന പത്രങ്ങളേയും ഒരു നിയമംമൂലം നിയന്ത്രിക്കേണ്ടതാണെന്നുള്ളതിനു് സംശയമില്ല. ഉള്ളതുപറഞ്ഞും ഇല്ലാത്തതു പറഞ്ഞും എല്ലാം സേവപിടിക്കാൻ സാധാരണ പത്രങ്ങൾക്കു് സാധിക്കുന്നുണ്ടു്. പറയേണ്ടകാര്യങ്ങൾ, സേവക്കു വേണ്ടിയൊ, ഭയംകൊണ്ടൊ തുറന്നു് പറയാതിരിക്കുകയാണെങ്കിൽ അതിനെക്കാൾ വലിയ ഒരാപത്തു് നമുക്കു് വരാനുണ്ടൊ എന്നു ഞാൻ ചോദിക്കുന്നു. ഹിറ്റ്ലറുടേയും മുസ്സോളിനിയുടേയും നാട്ടിൽ പരസ്യമായി ഒന്നും പറയാൻ സാധിക്കാറില്ല. അതുപോലെ നമ്മുടെ നാട്ടിലും പത്രങ്ങളെ നിയമം മൂലം നിയന്ത്രിക്കുകയാണെങ്കിൽ എന്തായിരിക്കും അതിന്റെ പര്യവസാനമെന്നു ആലോചിച്ചു നോക്കുക. കൊച്ചിരാജ്യത്തു് ഒരു പത്രം നടത്തുന്നതു് കൊച്ചി രാജ്യത്തിന്റെ കാര്യംമാത്രം പറയാനാണെന്നു് വിചാരിക്കുന്നതു് എത്രയും അബദ്ധമാണെന്നു് ഗവണ്മെണ്ടിനെ ധരിപ്പിക്കാതെ കഴിയുകയില്ല. കൊച്ചിരാജ്യത്തെ ഭരണത്തെക്കുറിച്ചൊ, അല്ലെങ്കിൽ തിരുവിതാംകൂറിന്റെ ഭരണത്തെക്കുറിച്ചൊ അല്ലെ

ങ്കിൽ റീവാരാജ്യത്തെ ഭരണത്തെക്കുറിച്ചോ മദ്രാസിലുള്ള പത്രങ്ങൾ വിമർശിക്കാറുണ്ടെന്നുള്ളതു് നമുക്കനുഭവമാണു്. ബ്രിട്ടീഷിയുടേയും, ചർച്ചിലിന്റേയും, റൂസ്വെൽട്ടിന്റേയും ട്രൂമാന്റേയുമെല്ലാം ഭരണത്തെക്കുറിച്ചു കർശനമായി വിമർശിക്കുന്ന പത്രങ്ങളാണു് നാം എല്ലാ സ്ഥലത്തും കണ്ടുവരാറുള്ളതു്. റീവാരാജ്യത്തെ കാര്യങ്ങൾ തിരുവിതാംകൂറിലെ പത്രങ്ങളിലൊ, തിരുവിതാംകൂറിലെ കാര്യങ്ങൾ റീവാരാജ്യത്തെയൊ കൊച്ചിരാജ്യത്തെയോ പത്രങ്ങളിലൊ പ്രതിപാദിക്കാൻ പാടില്ല എന്ന ഒരു നിരോധനം ഏതെങ്കിലും ഒരു ഗവൺമെണ്ടു് പാസ്സാക്കുകയാണെങ്കിൽ ആ രാജ്യത്തെ പ്രജകളോടു് എത്രത്തോളം ഉത്തരവാദപ്പെട്ടതായിരിക്കും ആ ഗവൺമെണ്ടു് എന്നു് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്തുതിപാഠകന്മാരേയും സേവ പറയുന്നവരേയും ഭയംകൊണ്ടു് ഒന്നും പറയുവാൻ ധൈര്യപ്പെടാത്തവരേയും പത്രപ്രവർത്തനരംഗത്തിൽനിന്നു് നീക്കംചെയ്യുവാൻ ഗവൺമെണ്ടു് ഒരു നിയമം കൊണ്ടുവരേണ്ടതു് എത്രയും അത്യാവശ്യമാണെന്നുള്ളതിനു് എനിക്കു് സംശയം തോന്നുന്നില്ല. അല്ലാതെ അവനവന്റെ കാര്യമായാലും അന്യന്റെ കാര്യമായാലും അതിന്റെ യാഥാർത്ഥ്യം തുറന്നു പറയാൻ നിവൃത്തിയില്ലാത്ത വിധത്തിലുള്ള ഒരു നിയമനിർമ്മാണം കൊണ്ടു് ഈ വിഷമതകൾ തുടർന്നു പോകുവാൻ അനുവദിക്കുന്നതായാൽ അതു് സാദ്ധ്യമല്ല. ഇതു് ഗവൺമെണ്ടു് മനസ്സിലാക്കാതിരുന്നാൽ വലിയ വിഷമമാണെന്നാണു് എനിക്കു തോന്നുന്നതു്. ഈ പത്രനിയമത്തിന്റെ ദോഷവശങ്ങളൊക്കെ ഒരു ഫാ കൊല്ലത്തെ ചരിത്രത്തിൽനിന്നു് പഠിച്ചു ഒരാൾ ഒണ്ടു് ഞാനുൾപ്പെടെ അതിനെപ്പറ്റി ഇപ്പോൾ ഒന്നും പറയുന്നില്ല. ആ ചരിത്രത്തിന്റെ അപൂർവ്വം ചില അനുഭവങ്ങൾവെച്ചുകൊണ്ടു് ചില സംഗതികൾ പറയുകയും ചെയ്തുകഴിഞ്ഞു. ഇനി കൂടുതലായി ഈ അവസരത്തിൽ ഒന്നും പറയുന്നില്ല. ഇന്നു് നമ്മുടെ നാട്ടിൽ നിലവിലുള്ള പത്രനിയമത്തെ റദ്ദാക്കുവാനുള്ള ഈ ബിൽ അവതരിപ്പിച്ചുകൊള്ളുന്നു.

റാവു സാഹിബു് കെ. അയ്യപ്പൻ: ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു. ഇതിന്റെ ഗുണദോഷങ്ങളെക്കുറിച്ചു ദീർഘമായ പ്രസംഗം പറഞ്ഞുകഴിഞ്ഞു. ഇനി അതിൽ കൂടുതലൊന്നും പറയാനില്ല. എനിക്കു ഗവൺമെണ്ടിന്റെ ഭാഗത്തു നിന്നു ഗവൺമെണ്ടിനുവേണ്ടി ചില കാര്യങ്ങളാണു പറയുവാനുള്ളതു്. ഒരു ഗവൺമെണ്ടിനു നല്ല ഗവൺമെണ്ടാണെന്നു സർട്ടിഫിക്കറു കിട്ടണമെങ്കിൽ ഇത്തരം നിയമങ്ങൾ ആ രാജ്യത്തിലുണ്ടായിരിക്കരുതു്. അതുകൊണ്ടു് ഗവൺമെണ്ടിനു നല്ലപേരിനുവേണ്ടി, ഗവർമ്മെണ്ടിനു ദുഷ്പേരു വരാതെ ഇരിക്കാൻവേണ്ടി ഗവർമ്മെണ്ടിന്റെ പ്രശസ്തി രക്ഷിക്കാൻവേണ്ടി, ഗവർമ്മെണ്ടു് പൌരസ്വാതന്ത്ര്യവും മറ്റും അനുവദിച്ചിരിക്കുന്നുവെന്നു നടിപറഞ്ഞുവെന്നു മറ്റുള്ളവർ പറയാതെ ഇരിക്കുന്നതിനുവേണ്ടി ഈവിധം നിയമം ഇല്ലാതെ ആക്കണം. ഒരുപക്ഷേ ഇന്ത്യയ്ക്കു സ്വാതന്ത്ര്യമില്ലാത്തതുതന്നെ ഇത്തരം കാര്യങ്ങളിൽ നമ്മുടെ രക്തത്തിൽ കലർന്നിട്ടുള്ള ഒരു മർദ്ദനമനഃസ്ഥിതികൊണ്ടാണു്. അവശരെ മർദ്ദനംചെയ്യുന്നതിനുള്ള ഒരു വാസന നമ്മുടെ രക്തത്തിൽ കലർന്നിരിക്കുന്നതുകൊണ്ടാണു് നമ്മൾ അസ്വാതന്ത്ര്യത്തിൽ കിടക്കുന്നതു്. മനുഷ്യരെ വഴി നടത്താത്ത രാജ്യമല്ല ഇതു്? അതുതന്നെയാണു നമ്മുടെ രാജ്യതന്ത്രത്തിലും പ്രതിഫലിക്കുന്നതു്. എഴുത്തച്ഛന്റെ പ്രസംഗത്തിൽ പറഞ്ഞു ഈ സേവ പറയുന്ന ആളുകളുടെ അഭിപ്രായങ്ങളെ തടയാൻ നിയമം വേണമെന്നു്. അപ്പോൾ അതും മറ്റുള്ളവരെ ഉപദ്രവിക്കാനുള്ള ഒരു വാസനയാണു്. അതങ്ങിനെ അറിയാതെതന്നെ പറഞ്ഞുപോകുന്നതാണു്. അതൊരു ജന്മവാസനയാണു്. അതാണു തങ്ങൾക്കു സ്വാതന്ത്ര്യം വേണമെന്നും അതേസമയം മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ തടയണമെന്നും പറയുന്നതു്. എന്നാൽ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവൃത്തിക്കുന്നില്ലെന്നു പറയുന്നില്ല. അന്യരാജ്യങ്ങളിലെ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ കയറിനിന്നുകൊണ്ടുമാത്രമാണു് തങ്ങളുടെ പ്രവർത്തനസ്വാതന്ത്ര്യത്തെക്കുറിച്ചുമായും പറയുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എന്റെ ഉള്ളിലുള്ള ഒരസ്വാതന്ത്ര്യവാസനയേയൊ മർദ്ദനസ്വഭാവത്തേയൊ ലക്ഷ്യംവെച്ചുകൊണ്ടാണു ഞാൻ അങ്ങിനെ പറഞ്ഞതെന്നു തോന്നുന്നില്ല. ശരിയായ പത്രപ്രവർത്തനസ്വാതന്ത്ര്യം വേണമെന്നുവെച്ചു അതിനാവശ്യമായ നിയമനിർമ്മാണം വേണമെന്നാണു ഞാൻ പറഞ്ഞതു്.

റാവു സാഹിബു് കെ. അയ്യപ്പൻ: ഇങ്ങിനെ ചിലരെ തടയണമെന്നു പറയുന്നതു അനാവശ്യമാണെന്നു അദ്ദേഹത്തിനു തോന്നാതെയിരിക്കത്തക്കവണ്ണം അത്രയുമാത്രം ആ വാസന ഉള്ളിൽ ഉറച്ചു കഴിഞ്ഞു; അതു നമ്മൾ പ്രസംഗിച്ചു പഠിച്ചു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതു ഈ ജാതി പ്രസംഗങ്ങൾകൊണ്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ് കെ. അയ്യപ്പൻ: ഈ "ജാതി" പ്രസംഗംകൊണ്ടല്ല, ആജാതി പ്രസംഗം കൊണ്ടാണ്. ഈജാതി പ്രസംഗത്തെയും ഈ "ജാതി" പ്രസംഗത്തെ സൃഷ്ടിക്കുന്ന അന്തരീക്ഷത്തേയും ഒന്നേ മാറ്റണമെന്നാണ് ഞാൻ പറയുന്നത്.

ഏതായാലും ഗവർമ്മെണ്ടിന്ന് ഈ നിയമം വെച്ചുകൊണ്ടിരുന്നിട്ട് യാതൊരു പ്രയോജനവും ഇല്ല. ഇതുകൊണ്ട് വല്ല ഗുണവുമുണ്ടെങ്കിൽ അതു ചില പത്രക്കാക്കാണ്. തുടങ്ങി കുറെ കഴിയുമ്പോൾ താനേ നില്ക്കുന്ന പത്രങ്ങളെ ഗവർമ്മെണ്ട് നിവർത്തിക്കൊടുക്കുന്നതാണ് ആ ഗുണം. ഗവർമ്മെണ്ട് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്ന മാതിരി ദോഷങ്ങളുള്ള പത്രങ്ങളെ എല്ലാം ഗവർമ്മെണ്ട് തടയുകയില്ല. ഇപ്പോൾ തന്നെ രണ്ടോ നാലു സ്വാതന്ത്ര്യങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ചട്ടിലാണ് പറഞ്ഞത്.

റാവു സാഹിബ് കെ. അയ്യപ്പൻ: ചട്ടിലല്ല പറഞ്ഞത്. ചട്ടിലങ്ങിനെ പറയുകയില്ല. അഥവാ പറഞ്ഞിട്ടുണ്ടെങ്കിൽതന്നെ ഇന്ത്യയുടെ കാര്യത്തിൽ അതു മാറിപ്പോകും. എതായാലും എനിക്കു ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരോട് പറയാനുള്ളതു മുകളിൽനിന്നു ഈ നിയമത്തെക്കുറിച്ചു അഭിപ്രായം ചോദിക്കുമ്പോൾ ഒരൊറ്റ ഉദ്യോഗസ്ഥനും അതാവശ്യമാണെന്ന് എഴുതി അയയ്ക്കരുതു. ഗവർമ്മെണ്ടു താഴെയുള്ള ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം എഴുതിച്ചോദിക്കും. അതു വേണ്ടെന്നു വെക്കുള്ളിൽ അഭിപ്രായമുണ്ടെങ്കിലും ഗവർമ്മെണ്ടിന്ന് അങ്ങിനെ പറഞ്ഞാൽ സമ്മതമാകുമോ എന്നുവെച്ചു അവർ അവരുടെ അഭിപ്രായം പുറത്തു പറയാതെ അതിനെതിരായി എഴുതി അയക്കും. അതു പാടില്ല. അവർ അവരുടെ സ്വന്തം അഭിപ്രായം എഴുതി അയയ്ക്കണം. നിങ്ങൾ ഇവിടെ ഇതിനെതിരായി പ്രസംഗിച്ചാലും കടലാസ്സിൽ എഴുതുമ്പോൾ അങ്ങിനെ എഴുതരുതു. എന്നാൽ ഗവർമ്മെണ്ടു് അപകടത്തിലാവുകയില്ല. യാതൊരു പ്രയോജനവും ഈ നിയമം വെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ഗവർമ്മെണ്ടിന്നില്ല. അതുകൊണ്ടു കൊച്ചി ഗവർമ്മെണ്ടു് ഈ നിയമം ഇനി ഒരു നിമിഷം വെച്ചുകൊണ്ടിരിക്കരുതു്. ഇല്ലെങ്കിൽ ഈ രാജ്യത്തിലെ പത്രപ്രവർത്തനം ഞെരിക്കും. ഞാൻ പത്രത്തിൽ ലേഖനം എഴുതുമ്പോൾ ലൈസൻസ്സു പോകുമോ എന്നതല്ല, ക്രിമിനൽ നടപടി പ്രകാരം വല്ല പിശകും വരുമോ എന്നാണു് ഞാൻ നോക്കാറുള്ളതു്. വാസ്തവത്തിൽ ചീത്ത വഴിക്കു പോകുന്ന പത്രങ്ങളെ തടയാൻ ഒരു നിയമം വേണമെന്നാണു പറയുന്നതെങ്കിൽ, അതിന്നു ഇവിടത്തെ ക്രിമിനൽ നിയമം മതിയാകും. ഈ പ്രസ്സുനിയമം ആവശ്യമില്ല. അതുകൊണ്ടു യാതൊരാവശ്യവുമില്ലാതെ ഈ നിയമം വെച്ചുകൊണ്ടിരിക്കുന്നതു ഗവർമ്മെണ്ടിന്നു അപമാനമാണു്. ഇവിടെ പാർലിമെണ്ടറി ഡെലിഗേഷൻ വന്നപ്പോൾ ഇവിടെ ഇങ്ങിനെ ഒരു പത്രറെഗുലേഷനുണ്ടെന്നു് അവർ അറിയുകയായിരുന്നെങ്കിൽ കൊച്ചി ഗവർമ്മെണ്ടിനെക്കുറിച്ചു് അവർ എന്തു വിചാരിക്കുമായിരുന്നു? ഈയിടെ പണ്ഡിത ജവഹർലാൽ നെഹ്റു നാട്ടുരാജ്യങ്ങളിൽ സിവിൽ ലിബർട്ടിയില്ലെന്നു പറഞ്ഞു. അതു തെറ്റാണെന്നു പലരും പറയുകയുണ്ടായി. എന്നാൽ നമ്മുടെ രാജ്യത്തിൽ ഇങ്ങിനെ നിയമമിരിക്കുമ്പോൾ അദ്ദേഹം അങ്ങിനെ പറഞ്ഞതിൽ തെറ്റുണ്ടോ? അദ്ദേഹം പറഞ്ഞതു ശരിയല്ലേ? നമ്മൾ ന്യായം നോക്കുന്നവരല്ലെന്നു പുറമേയുള്ള ആളുകൾക്കു തോന്നത്തക്കവിധം ഒരു നിയമം കൊച്ചി ഗവർമ്മെണ്ടു വെച്ചുകൊണ്ടിരിക്കേണ്ട ആവശ്യമതലയില്ല. യാതൊരു കുഴപ്പവുമില്ലാതെയിരിക്കുന്ന ഈ കാലത്തു് ഇപ്പോൾ ഇതു റിപ്പീൽചെയ്താൽ എന്തുമാത്രം നന്നായി കൊച്ചി? നമ്മുടെ കൊച്ചിരാജ്യം ഇന്നു തിരുവിതാംകൂറിനേക്കാളും മൈസൂറിനേക്കാളും മുന്നോട്ടുപോയിട്ടുണ്ട്, അങ്ങിനെയിരിക്കെ ഈ നിയമംകൂടി എടുത്തുകളഞ്ഞു് ഒരു പൈപോലും ചിലവില്ലാതെ നല്ലപേരു സമ്പാദിക്കാമെന്നിരിക്കെ അതനുവേദിക്കാനുള്ള ഒരു ഭാവനാശക്തി ഇല്ലാത്ത കൊച്ചി ഗവർമ്മെണ്ടിന്റെ നിലയെക്കുറിച്ചു ഞാൻ അത്ഭുതപ്പെടുന്നു. ഈ നിയമം പോയില്ലെങ്കിലും പത്രങ്ങൾ നടക്കും. 600 രൂപാ ലൈസൻസ്സിന്നു ചിലവു വേണമെന്നുണ്ടെങ്കിൽ അതു വലിയൊരു സംഖ്യയാണോ? മുന്നൂറുറുപ്പിക നടത്തുന്ന പത്രങ്ങൾക്കേ 600 രൂപയ്ക്കു വിഷമമുള്ളു. അല്ലാത്ത പത്രങ്ങൾക്കു് അഞ്ഞൂറല്ല, അയ്യായിരമായാലും അവക്കതിന്നു വിഷമമില്ല. ഞാൻ ഗവർമ്മെണ്ടുപക്ഷക്കാരനാണു്. അതുകൊണ്ടു ഗവർമ്മെണ്ടിന്നു ഗുണമുണ്ടാകണമെന്നുവെച്ചാണു് ഞാൻ ഈ നിയമം എടുത്തുകളയണമെന്നു പറയുന്നതു്. ഈ നിയമം വെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ഗവർമ്മെണ്ടിന്നു ദുഷ്പേരുണ്ടു്. പത്രങ്ങളുടെ സ്വാതന്ത്ര്യത്തിൽ ചെന്നു തലയിടുന്നതുകൊണ്ടു ഗവർമ്മെണ്ടു് ഇപ്പോൾതന്നെ വിഷമത്തിലാ

LIBRARY ARCHIVES Kerala Legislative Assembly

കുന്നുണ്ട്. പത്രങ്ങളെ സംബന്ധിച്ചു കൊച്ചി ഗവൺമെണ്ടു് മേലാൽ എടുക്കാൻ പോകുന്ന നയത്തിന്റെ പ്രഥമപാഠമായി ഈ റിപ്പീൽ അങ്ങു സ്വീകരിക്കുക അതു സ്വീകരിക്കുന്നതു ജനങ്ങൾക്കും ഗവൺമെണ്ടിനും നന്നായിരിക്കും. ഈ നിയമം വെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു കൊച്ചിരാജ്യത്തിലെ അളുകൾ വഷളന്മാരാണെന്നല്ലെ പുറത്തുള്ളവർ വിചാരിക്കുകയുള്ളു. ഈ നിയമം ഇല്ലെങ്കിൽ എന്താണു് ഗവൺമെണ്ടിനു ദോഷം. ആവശ്യം വരുമ്പോൾ ജനങ്ങൾ ഗവൺമെണ്ടിനോടുകൂടി ഒന്നിച്ചു നില്ക്കുക ഇല്ലെ? അങ്ങിനെ ഇതിനുമുമ്പു നിന്നിട്ടില്ലെ? ഭക്ഷണക്ഷാമം വന്നപ്പോൾ ഏർപ്പെടുത്തിയ നിയന്ത്രണനിയമങ്ങൾ ഈ രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങളും ഈ നിയമസഭയിലെ ഭൂരിപക്ഷം മെമ്പറന്മാരും ഗവൺമെണ്ടിന്റെ ഭാഗത്തുചേർന്നു താങ്ങിയില്ലെ? അങ്ങിനെ ആവശ്യം വരുമ്പോൾ ഗവൺമെണ്ടിന്റെ ഭാഗത്തു നില്ക്കുന്ന കൊച്ചിരാജ്യത്തിലെ ജനങ്ങൾക്കു ഈ പത്രറ്റിലേഷൻ ആവശ്യമാണൊ എന്നാണു് ഞാൻ ചോദിക്കുന്നതു്. ശരിക്കു നില്ക്കുന്ന ജനങ്ങൾ, അതുപോലെയുള്ള ഒരു ജനപ്രതിനിധിസഭ അങ്ങിനെ ഭരിക്കെ അവരോടു കാണിക്കേണ്ട പെരുമാറ്റം നന്നായിരിക്കണം. യാതൊരുവക മർദ്ദനനിയമങ്ങളും ഇവിടത്തെ നിയമസംഹിതയിൽ വെച്ചുകൊണ്ടിരിക്കരുതു്. ഇതുവരെ വെച്ചുകൊണ്ടിരുന്നതു് എന്തു കാരണവശാലുമാകട്ടെ, ഇനി അതു വെച്ചുകൊണ്ടിരിക്കരുതു്. കടലാസ് വായിച്ചപ്പോൾ പഠയുന്ന ഗ്രീസിൽ കുഴപ്പമില്ല, സ്വാതന്ത്ര്യമുണ്ടെന്നു ബ്രിട്ടീഷുകാർ പറയുന്ന വേറൊരു ഭാഗത്തു നാട്ടുകാർ വാദിക്കുന്ന അവിടെ സ്വാതന്ത്ര്യമില്ലെന്നു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സ്വാതന്ത്ര്യം ഇവിടെ ഉണ്ടെന്നു ആരെങ്കിലും പറഞ്ഞൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഇല്ലെങ്കിലും അതു പുറമെ അറിയിക്കണൊ? അതു മറയ്ക്കുന്നുള്ള ഒരു കവചമെങ്കിലും നമ്മൾക്കു വേണ്ടെ? അതുകൊണ്ടു ഗവൺമെണ്ടിനോടുള്ള ഒരഭ്യർത്ഥന ഇനിയെങ്കിലും ഈ ബിൽ വെച്ചുകൊണ്ടിരിക്കരുതെന്നാണു്. അതിനുവേണ്ടി ഈ നിയമസഭ ഇതു ഐകകണ്ഠ്യേന പാസ്സാക്കണം.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പത്രമർദ്ദനനിയമം ആദ്യം നിയമസഭയിൽ വരുന്നതിനുമുമ്പുതന്നെ ഗവൺമെണ്ടു നടപ്പിൽ വരുത്തി. നിയമസഭയുടെ അനുവാദത്തിനു വേണ്ടി അവസാനം നിയമസഭയിൽ കൊണ്ടുവന്നു. അനുദ്യോഗസ്ഥമെമ്പറന്മാർ അതിനെ തള്ളിക്കളഞ്ഞു. എന്നാൽ പിന്നത്തെ കൌൺസിൽ വരുന്നതിനുമുമ്പുതന്നെ അതു നിയമമാക്കി പരസ്യം ചെയ്തു. അതുകൊണ്ടു ഈ നിയമസഭയിൽനിന്നു അനുഫ്രൻ മെമ്പറന്മാർ ഒരു വാക്കൌട്ടു നടത്തി, അങ്ങിനെ ഒരു പ്രകടനംകൊണ്ടു് ഗവൺമെണ്ടിനെ മനസ്സിലാക്കി. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുക ഇല്ല. ആ നിയമത്തെ അനുതന്നെ പൂതന എന്നു ഞങ്ങൾ വിളിച്ചു. അതായതു് കംസനെ കൊല്ലാൻ എങ്ങൊ ഒരു ശിശു ജനിച്ചിട്ടുണ്ടെന്നു അറിഞ്ഞു, ആ ശിശുവിനെ കൊല്ലാൻ പൂതന എന്ന ഒരുത്തിയെ വിട്ടു, അവൾ വളരെ സുന്ദരിയാണു്. അവൾ വീടുതോറും കയറിഇറങ്ങി കണ്ട കുട്ടികളെ ഒക്കെ കൊന്നു. അതുപോലെ ഈ പത്രമർദ്ദനനിയമമാകുന്ന പൂതന പത്രശിശുക്കളെ ഒക്കെ കൊല്ലാനായി ഗവൺമെണ്ടാകുന്ന കംസനാൽ നിയോഗിക്കപ്പെട്ടു. നമ്മളുടെ ഗവൺമെണ്ടിനു ധൈര്യമില്ല. ധൈര്യമുള്ള ഒരു ഗവൺമെണ്ടാണെങ്കിൽ ഗവൺമെണ്ടിന്റെ ഭാഗത്തുള്ള ദോഷവശങ്ങളെ ഒക്കെ വിമർശിക്കട്ടെ എന്നുള്ള ഒരു സൽബുദ്ധി ഗവൺമെണ്ടിനുണ്ടാകേണ്ടതാണു്. അങ്ങിനെയുണ്ടായിരുന്നെങ്കിൽ ഈ നിയമം വേണ്ട ഈ നിയമമുള്ളതുകൊണ്ടു് പത്രങ്ങളൊക്കെ വൈതാളികപത്രങ്ങളായിട്ടുണ്ടു്. "ഇന്ദ്രനോടൊക്കും ഭവാൻ, ചന്ദ്രനോടൊക്കും ഭവാൻ" എന്നൊക്കെ പറഞ്ഞുതുടങ്ങി പത്രങ്ങൾ, ഈ പത്രനിയമം എന്തിന്നാണെന്നു അറിയാൻ പാടില്ലാത്ത കാലങ്ങളായി. പത്രങ്ങൾ ഇല്ലാതെയിരുന്ന കാലത്തു ഗവൺമെണ്ടിനെ വിമർശിച്ചിരുന്നതു് "സംഘക്കളി" മുഖേന ആയിരുന്നു. അതിൽ ചില ഇട്ടിക്കുണ്ടപ്പന്മാരൊക്കെയുമാണു് അവരാണു് ഗവൺമെണ്ടിനെ വിമർശിക്കുന്നതു്.

എന്നല്ല, അറേബ്യൻ കടലിന്റെ സൌന്ദര്യ റാണി എന്നു വിളിക്കപ്പെടുന്ന കൊച്ചിൻ ഹാർബറുള്ള ഈ കൊച്ചി ഗവൺമെണ്ടു് ഇനിയും ഈ നിയമം വെച്ചുകൊണ്ടിരിക്കുന്നതെന്തിനാണു്? മാനംകുലധനമായിട്ടുള്ള മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെണ്ടിനു് ഈ നിയമം അപമാനകരമാണു്. ഈ നിയമം ആദ്യം നടപ്പാക്കിയകാലത്തു് ഈ സഭയിലെ ഒരു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മുഖാംഗത്തിനെ ഒരു പത്രം വ്യക്തിപരമായി ആക്ഷേപിച്ചതിനെകുറിച്ചു മൂണ്ടിക്കാണിക്കയും അതിനാൽ ഈ നിയമം ആവശ്യമാണെന്നു വാദിക്കുകയും ചെയ്തു. വ്യക്തികളെ ആക്ഷേപിക്കുന്ന പത്രങ്ങൾ പലതുമുണ്ട്. അതു ഏതൊക്കെ ആണെന്നു ഗവമ്മെണ്ടു് മനസ്സിലാക്കേണ്ടതുണ്ടു്. മരിച്ചു മണ്ണടിഞ്ഞ ആളുകളെ കുറിച്ചുകൂടി "സ ച്ഛത്തിലെ ലേഖകൻ എന്ന പേരിലും മറ്റും ആക്ഷേപിക്കുന്ന പത്രത്തെ ഗവമ്മെണ്ടു് മനസ്സിലാക്കേണ്ടതുണ്ടു്. ഗവമ്മെണ്ടു് അതൊന്നും നോക്കുന്നില്ല ഗവമ്മെണ്ടിനെകുറിച്ചു ചീത്തപറയുന്നുണ്ടോ എന്നു മാത്രമാണു് നോക്കുന്നതു്. ഗവമ്മെണ്ടു് എന്തിനുവേണ്ടി ഈ നിയമമുണ്ടാക്കിയൊ അതനുസരിക്കുന്ന പത്രങ്ങൾ ഇന്നു് ധാരാളമുണ്ടു്. അവക്കു ധാരാളം കടലാസ്സു കൊടുക്കുന്നുണ്ടു്. വൈതാളിക പത്രങ്ങൾ ഇങ്ങിനെ ധാരാളമുണ്ടു്. ഗവമ്മെണ്ടിന്റെ ഉദ്ദേശം അവരുടെ കൊള്ളരുതായ്മ, അവരുടെ ദുർഭരണം ഇതൊന്നും വിമർശിക്കരുതു്. ഗവർമ്മെണ്ടു ഉദ്യോഗസ്ഥന്മാരെ പ്രശംസിക്കാനാണു് ഈ പത്രങ്ങളെ ഇങ്ങിനെ വൈതാളിക പത്രങ്ങളാക്കി രൂപാന്തരപ്പെടുത്തിയിരിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. പിന്നെ ബഹുമാനപ്പെട്ട അവതാരകൻ പറയുകയുണ്ടായി ഇംഗ്ലണ്ടു് അമേരിക്ക മുതലായ രാജ്യങ്ങളിലെ ഭരണത്തെകുറിച്ചു ഭാരതത്തിലെ പല പത്രങ്ങളും വിമർശിക്കുന്നുണ്ടു്, എന്നാൽ കൊച്ചിരാജ്യത്തിലെ പത്രം അയൽ രാജ്യത്തെകുറിച്ചൊന്നും പറയരുതെന്നു പറഞ്ഞു്, അതു ശരിയല്ലഎന്നു് എന്നാൽ നമ്മളുടെ ഗവമ്മെണ്ടു് എന്തൊക്കെ ചെയ്യാൻ പോകുന്നുണ്ടെന്നുള്ളതിനെറ നാന്ദിയായിട്ടാണു് ഇങ്ങിനെ പറഞ്ഞതെന്നു മാത്രമെ എനിക്കു പറയുവാനുള്ളൂ. അതുകൊണ്ടു് ഇനി അയൽരാജ്യത്തിലെ പത്രങ്ങൾ നമ്മളെകുറിച്ചു ഇങ്ങിനെ ഒന്നും പറയാനിടയാകാതെയിരിക്കണമെങ്കിൽ അതിനു നമ്മൾതന്നെ നോക്കണം. എനിക്കു ഗവമ്മെണ്ടിനോടു ബഹുമാനമാണു്. ഗവമ്മെണ്ടിനെ പ്രശംസിക്കുന്ന ആളാണു് ഞാൻ ഭാരതത്തിൽവെച്ചു ഏറ്റവും നല്ല ഭരണം കൊച്ചിരാജ്യത്തിലാണെന്നു പറയുന്ന ആളാണു് ഞാൻ." യഥാരാജാ തഥാപ്രജാ ആ നിലയിൽനിന്നു "യഥാപ്രജാതഥാരാജാ" എന്ന നിലയിൽ മാനംകുലധനമായിരിക്കുന്ന മഹാരാജാവു തിരുമനസ്സിലെ അഭിമാനത്തെ രക്ഷിക്കുന്നതിന്നുവേണ്ടി നമ്മളുടെ രാജ്യത്തിന്റെ സൽപേരിനെ നിലനിറുത്താൻവേണ്ടി ഗവമ്മെണ്ടു് ആത്മാർത്ഥമായി എന്നു വെച്ചാൽ ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ ആത്മാർത്ഥമായി പരിശ്രമിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു്, എനിക്കു. ഇനിയത്തെ കൌൺസിൽ വരുന്നതിന്നു മുമ്പു് ഇതിനിടെ പാസ്സായികഴിഞ്ഞാൽ രണ്ടാഴ്ചവട്ടക്കാലംപോലും വെച്ചുകൊണ്ടിരിക്കാതെ ഉടനെ നടപ്പിൽ വരുത്തണം ഗവർമ്മെണ്ടു് ഉദ്യോഗസ്ഥന്മാർ നമ്മളുടെ മഹാരാജാക്കന്മാരുടെ കീർത്തിയെ നന്നാക്കാൻ ശ്രമിക്കണം, അതിന്നായി ഈ നിയമം റദ്ദു് ചെയ്യണം എന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

N. S. RADHAKRISHNA SARMA
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly